4
SATURDAY
MAY 2019

# ദുബായ് വാർത്ത

www.dubaivartha.com

A WHATSAPP NEWS PAPER


# റമദാൻ: ദുബായിൽ 587 തടവുകാരെ ഷെയ്ഖ് മുഹമ്മദ് മോചിപ്പിക്കും.




**ശിക്ഷാ വേളയിൽ സ്വഭാവമഹിമ കാണിച്ച തടവുകാരെയാണ് മോചിപ്പിക്കുക.**

**ഇവർ ഏതൊക്കെ രാജ്യക്കാരാണെന്ന് വെളിപ്പെടുത്തിയിട്ടില്ല.**

## അബുദാബി ബിഗ് ടിക്കറ്റ്

# മലയാളിക്ക് 28 കോടി




ഇന്നലെ വൈകിട്ട് നടന്ന നറുക്കെടുപ്പിൽ ഷോജിത് എടുത്ത 030510 എന്ന നമ്പറിലുള്ള ടിക്കറ്റാണ് ഭാഗ്യം കൊണ്ടു വന്നത്. ഇന്നലത്തെ മൂല്യപ്രകാരം ആകെ 282,442,874 രൂപയാണ് ഷോജിതിന് ലഭിക്കുക.

# ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് നേരെ ആക്രമണം.




**മോട്ടി നഗർ പ്രദേശത്ത് തിരഞ്ഞെടുപ്പ് പ്രചാരണം നടത്തുന്നതിനിടെ പ്രചാരണ വാഹനത്തിൽ കയറി യുവാവ് അദ്ദേഹത്തിന്റെ മുഖത്തടിക്കുകയായിരുന്നു.**

ദുബായ് വാർത്ത
www.dubaivartha.com
MAY 2019
A WHATSAPP NEWS PAPER


# ദുബായിലെ നവജാതശിശുക്കൾക്ക് ജനിക്കുമ്പോൾ മുതൽ ഇനി ഇൻഷുറൻസ് പരിരക്ഷ.






പുതിയ തീരുമാനമനുസരിച്ച് **ജനിച്ചതിനുശേഷമുള്ള ആദ്യ 30 ദിവസം കുട്ടിക്ക് അമ്മയുടെ പോളിസിയുടെ പരിരക്ഷ ലഭിക്കും.** ഈ കാലാവധി തീരും മുൻപു തന്നെ കുട്ടിക്ക് കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ ഇൻഷുറൻസ് പരിരക്ഷയ്ക്ക് തുല്യമായ പരിരക്ഷ ഉറപ്പാക്കണം.

# ഫോനി ; ഒഡീഷയിൽ മരണം 26 ആയി





ഫോനി ചുഴലിക്കാറ്റിന്റെ ശക്തി കുറഞ്ഞു.
അടച്ചിരുന്ന കൊൽക്കത്ത രാജ്യാന്തര വിമാനത്താവളം തുറന്നു.
റയിൽ ഗതാഗതം പൂർണ്ണമായി പുനസ്ഥാപിക്കപ്പെട്ടിട്ടില്ല.

# പാലാരിവട്ടം മേൽപാലം;

## വീഴ്ച വരുത്തിയവർക്കെതിരെ നടപടിയെടുക്കുമെന്നു മന്ത്രി





**അറ്റകുറ്റപ്പണിയോടനുബന്ധിച്ചു പാലത്തിലെ ഗതാഗത നിയന്ത്രണം 30 വരെ തുടരും.**
പാലത്തിന്റെ ഡിസൈൻ കൺസൽട്ടന്റായ കിറ്റ്കോയുടെയും പദ്ധതി നടപ്പാക്കിയ ആർ ബി ഡി സി കെയുടെയും വീഴ്ച്ചയാണു മോശം നിർമാണത്തിൽ കലാശിച്ചതെന്ന് ആക്ഷേപമുണ്ട്. 39 കോടി രൂപയാണു പദ്ധതിക്കു ചെലവഴിച്ചത്.

# ലൈംഗിക അതിക്രമക്കേസിൽ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെതിരായ കുറ്റപത്രം കോടതി സ്വീകരിച്ചു.



ഫ്രാങ്കോ മുളയ്ക്കലിന് സമൻസ് അയക്കാനും കോടതി ഉത്തരവിട്ടു. പ്രാഥമിക പരിശോധനയിൽ കുറ്റപത്രവും അനുബന്ധ രേഖകളും ശരിയാണെന്ന് കോടതി കണ്ടെത്തി.

# കോംഗോയിൽ എബോള വൈറസ് പടരുന്നു;

**കഴിഞ്ഞ വർഷം ഓഗസ്റ്റ് മുതൽ ഇതുവരെ മരിച്ചവരുടെ എണ്ണം 1,008 ആയി.**



400 പേരെ ഇതുവരെ രക്ഷിക്കാനായെങ്കിലും കഴിഞ്ഞ ഒരാഴ്ച രാജ്യത്ത് വൈറസ് ബാധ പടർന്നു പിടിക്കുകയാണ്.ലോകാരോഗ്യ സംഘടന രാജ്യത്ത് ഇതുവരെ പത്തുലക്ഷത്തോളം പേർക്ക് പ്രതിരോധ കുത്തിവെപ്പ് നൽകി. എബോള കാരണം ഏറ്റവും കൂടുതൽ ദുരന്തം നേരിട്ടത് കോംഗോയിലാണ്.

# സീതാറാം യെച്ചൂരിക്കെതിരെ പരാതിയുമായി ബാബാ രാംദേവ്



രാമായണവും മഹാഭാരതവും അക്രമവും യുദ്ധവും നിറഞ്ഞതാണെന്ന സീതാറാം യെച്ചൂരിയുടെ പരാമർശത്തിനെതിരെ ബാബാ രാംദേവ് പരാതി നൽകി.

## ശസ്ത്രക്രിയ വിജയകരം;

# എസ്.ജാനകി ആശുപത്രി വിട്ടു.

മൈസൂരിലെ ബന്ധു വീട്ടിൽ മൂന്നു ദിവസം മുൻപായിരുന്നു പ്രിയ ഗായിക ജാനകി കാൽ തെന്നി വീണത്. ഇടുപ്പെല്ലിൽ വേദന അധികമായതോടെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു.

